# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2027 – 11/03/2020 - ലെ മറുപടിക്ക്

## ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകിയ തുക

ഉത്തരം

ചോദ്യം

ശ്രീ.അൻവർ സാദത്ത്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.ടി.ബൽറാം
ശ്രീ. എ.പി. അനിൽ കുമാർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രം നൽകിയ തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശം കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡം അനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച് കൊണ്ട് മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഈ മെമ്മോറാണ്ടം പരിഗണിച്ച് 2904.85 കോടി രൂപ അടിയന്തിര സഹായമായി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കുന്ന തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിലെ വിവിധ ശീർഷകങ്ങളിൽ നിലവിൽ ഉള്ള തുകയോടൊപ്പം വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 1317.63 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 1144.67 കോടി രൂപയും (06//03/2020 വരെ) വിനിയോഗിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് 04/07/2019, 28/06/2019, 10/12/2019, 14/01/2020 എന്നീ തീയതികളിൽ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലെ വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടം പരിഗണിക്കുന്നതിനായി 2019-20 സാമ്പത്തിക |
| (ബി) | കേന്ദ്രം എന്ത് തുകയാണ് ഈ ആവശ്യത്തിനായി സംസ്ഥാനത്തിന് നൽകിയതെന്നും സംസ്ഥാനം എന്ത് തുകയുടെ കണക്ക് ഇതിനകം കേന്ദ്രത്തിന് കൈമാറിയെന്നും വ്യക്തമാക്കുമോ; | |
| (സി) | അവസാനം കണക്ക് കൈമാറിയ തീയതി എന്നാണെന്ന് വെളിപ്പെടുത്തുമോ; 2018-ൽ അനുവദിച്ച തുക ചെലവഴിച്ചതിന്റെ കണക്ക് മുഴുവൻ നൽകാതിരുന്നതിനാലാണ് 2019-ലെ പ്രളയത്തിൽ സംസ്ഥാനം ദുരിതാശ്വാസ ഫണ്ടിലേക്ക് തുക ആവശ്യപ്പെട്ടിട്ടും കേന്ദ്രം പണം അനുവദിക്കാതിരുന്നത് എന്ന ആക്ഷേപം വസ്തുതയാണോ; | |
| (ഡി) | കേന്ദ്രം അനുവദിക്കുന്ന പണത്തിന്റെ ചെലവ് സംബന്ധിച്ച് കൃത്യമായ വിവരം സമയബന്ധിതമായി കേന്ദ്രത്തിന് നൽകുന്നതിനും സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നുവെന്ന് | |

| | | |
|---|---|---|
| | ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | വർഷത്തിലെ calamity wise എക്സ്പെന്റിച്ചർ വിശദാംശങ്ങൾ സമർപ്പിക്കുവാൻ 16/02/2020 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയും ആയത് 27/02/2020 ലെ കത്ത് മുഖേന കേന്ദ്ര സർക്കാരിലേയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**